## ആദിച്ചനല്ലൂർ പഞ്ചായത്ത് എച്ച്.എസ്.എസ്

### ആദിച്ചനല്ലൂർ

# കളിപ്പെട്ടി

Magazine
'2019'

## പ്രിയരെ ,

ഒടുവിൽ ഈ ഉദ്യമം
പൂർത്തീകരിച്ചിരിക്കുന്നു......
തികച്ചും കുറ്റമറ്റതാണെന്ന് അവകാശപ്പെടുന്നില്ല.
പരിമിതികളുടെ ഒരു വൃത്തത്തിൽ നിന്ന്
രൂപകൽപന ചെയിത് ലെഭ്യമായ
സങ്കേതങ്ങൾ
ഉപയോഗച്ച് നെയിതെടുത്ത ഒരു ഡിജിറ്റൽ
സൃഷ്ടി . അതിനാൽ ഇത് പൂർണ്ണമാണെന്ന്
ഞങ്ങൾ അവകാശപ്പെടുന്നില്ല .
തെറ്റുകൾ സ്നേഹപൂർവ്വം ക്ഷെമിക്കുകയും

നിറഞ്ഞ സ്നേഹത്തോടെ ,
ടീം ലിറ്റിൽ കൈറ്റ്സ്
എ . പി . എച്ച് . എസ് . എസ്

# ഞങ്ങളുടെ ഹെഡ്മാസ്റ്റർ



# ശ്രീ. ജി സെബാസ്റ്റ്യൻ

# ഞങ്ങളുടെ വിദ്യാലയം










# LITTLE KITES A.P.H.S.S

## എഡിറ്റോറിയൽ ബോർഡ്

മാഗസിൻ എഡിറ്റർ - തൗഫീക്ക്.ടി

അംഗങ്ങൾ

തൗഫീക്ക്

അക്ഷയ്

ജിസാന

അഞ്ചന

അലീന

## _കൈറ്റ് മാസ്റ്റേഴ്സ്

ശ്രീമതി . സലീനബീവി . എ .

ശ്രീമതി . ബിന്ദു ആർ .

# ഉള്ളടക്കം :-


കഥ

പഴഞ്ചൊല്ലുകൾ

ലേഖനം

മഹദ് വചനങ്ങൾ

കവിതകൾ

പൊതുവിജ്ഞാനം

വരകൾ വർണ്ണങ്ങൾ



ആദിച്ചനല്ലൂർ പഞ്ചായത്ത് എച്ച്. എസ്. സ്കൂൾ

ഫോൺ: 0474 2592023

# കയർ തന്റെ കഥ പറയുന്നു

പേരു കേൾക്കുംമ്പോൾ ഞാനൊരു നിസാരൻ എന്നെ എന്തിനെല്ലാം വേണം?

നിങ്ങൾ എന്തിനെല്ലാം എന്നെ ഉപയോഗിക്കുന്നു? വെള്ളം കോരാൻ, സാധനങ്ങൾ കെട്ടി ബലപ്പെടുത്താൻ കരിക്കും കുല കെട്ടുവാൻ കയറ്റു പായ് ചവിട്ടു മെത്ത തുടങ്ങിയവ നിർമിക്കാൻ, ഇങ്ങനെ എന്തെല്ലാം കാര്യങ്ങൾക്കാണ് ഉപയോഗിക്കുന്നത്.

ഒരു തുണ്ട് കയർ ആവശ്യമില്ലാത്ത എന്തെങ്കിലും ഒരു വീടുണ്ടോ? കേരളമാണ്

എന്റെ തറവാട്. അമ്മയുടെ പേര് കല്പവൃക്ഷം. എന്റെ അമ്മയെ ധാരാളമായി ഈ നാട്ടിൽ കാണുന്നുണ്ട്. തെങ്ങ് എന്നാണ് അമ്മയെ മനുഷ്യർ വിളിക്കാറ്. തെങ്ങിന്റെഎല്ലാ ഭാഗവും മനുഷ്യർക്ക് ഉപയോഗപ്രതമുള്ളവയാണ്. അമ്മയിൽ

നിന്ന് ഉണ്ടാകുന്ന തേങ്ങ എന്നുള്ള വസ്തു പൊതിച്ച് പരിപ്പ് കൊപ്ര ആക്കി

വെളിച്ചെണ്ണ എടുക്കുന്നു. പലഹാരങ്ങൾക്കും ആവശ്യമാണല്ലോ നമ്മുടെ വെളിച്ചെണ്ണ. തൊണ്ട് തീരദേശത്തേക്കു കെട്ടുകണക്കിന്

കൊണ്ട്പോയി കായലിൽ മൂടുന്നു. ആറു ആറുമാസത്തോളം ഞാൻ അവിടെ സുഖമായി ഉറങ്ങുന്നു. ആരും ശല്യപ്പെടുത്തില്ല. അതിനുശേഷം ഒരു മുതലാളി കുറെ ജോലി ക്കാരെക്കൂട്ടിക്കൊണ്ട്

വന്ന് പാകമായോ എന്ന് കണ്ടറിയുന്നു. അഴുകിയ തൊണ്ട് കരയിലേക്ക് മാറ്റിയ ശേഷം തൊഴിൽ ശാലയിൽ എത്തിക്കുന്നു. താല്പര്യമുള്ള സ്ത്രീത്തൊഴിലാളികളും കുട്ടികളും ചേർന്ന് എന്നെ തല്ലിച്ചതച് ചകിരിയും, ചോറുമാക്കി മാറ്റുന്നു. തൊണ്ടിൻ ചോറ് ചെടികൾക്ക് വളമായി ഉപയോഗിക്കുന്നു. വൃത്തിയാക്കിയ നാര് പിരി യന്ത്രത്തിന്റെ സഹായത്തോടുകൂടി വിവിധ യിനം കയറാകുന്നു. നാര് പിരി യന്ത്രത്തിന്റെ സഹായത്തോടുകൂടി വൃവിധയിനം കയറാക്കി മാറ്റുന്നത് കാണാൻ കൗതുകം തന്നെ. ഈ കയറുകൾ ഉണക്കിയും ചായം മുക്കിയവ അങ്ങനെയും വിവിധ ര്രുപത്തിൽ അടുക്കി വലിയ കെട്ടുകളാക്കി മാറ്റുകയും ലോറിയുടെ സഹായത്താൽ ആലപ്പുഴ കമ്പോളത്തിലേക്കും മറ്റു സ്ഥലങ്ങളിലേക്കും കയറ്റി

അയക്കുന്നു. വിവിധയിനം കയറുകൾ ഉപയോഗിച്ച് ചവിട്ടുമെത്ത, കയറ്റുപായ ആകർഷകമായ വസ്തുക്കൾ മുതലായവയുണ്ടാക്കുന്നു. തെങ്ങുള്ള കാലത്തോളം ഞാനും കാണുമെന്നാണ് പ്രതീക്ഷ.

അക്ഷയ് രാജ് 9a

## അപ്പൂപനും അമ്മൂമ്മയും ചാമ്പങ്ങയും

ഒരിടത്തൊരിടത്ത് ഒരു അപ്പൂപ്പനും അമ്മൂമ്മയും ഉണ്ടായിരുന്നു.

അവരുടെ വീടിനു മുന്നിൽ ഒരു ചാമ്പ മരം ഉണ്ടായിരുന്നു. ആ ചാമ്പ മരത്തിൽ നിറയെ ചാമ്പങ്ങ ഉണ്ടായി.

ചാമ്പമരം മുഴുവൻ ചാമ്പങ്ങ പഴുത്തു കിടക്കുന്നത് കാണുവാൻ നല്ല രസമായിരുന്നു.

അങ്ങനെയിരിക്കെഒരു ദിവസം അമ്മൂമ്മ അപ്പൂപ്പനോട് പറഞ്ഞു. "എന്ത് രസമാണ് ചാമ്പങ്ങ പഴുത്തു കിടക്കുന്നതു കാണുവാൻ. നമുക്ക് ഇതാർക്കും കൊടുക്കേണ്ട. അടുത്ത വീടുകളിലെകുട്ടികൾ വരുമ്പോൾ നമുക്കവരെ ഓടിക്കാം."

ഇതുകേട്ട് അപ്പൂപ്പൻ പറഞ്ഞു. "ശരിയാ , ഇതാർക്കും കൊടുക്കേണ്ട. നമുക്കും കഴിക്കേണ്ട. എന്നും കണ്ടു കൊണ്ടിരിക്കാം."

അപ്പൂപ്പനും അമ്മൂമ്മയും ചാമ്പയ്ക്ക് കാവലിരുന്നു.അവർ ചാമ്പങ്ങ പറിക്കാൻ വന്ന കുട്ടികളെയെല്ലാം ഓടിച്ചു. അവർ പഴുത്തു ചുവന്ന ചാമ്പങ്ങ് സന്തോഷത്തോടെകണ്ടു കൊണ്ടിരുന്നു.

അങ്ങനെയിരിക്കെ അവരുടെ ചാമ്പങ്ങ രാത്രിയിൽ ആരോ പറിക്കുന്നുണ്ടെന്ന് അവർക്കു മനസിലായി. അവർ ആളെ കണ്ടുപിടിക്കാൻ തീരുമാനിച്ചു. അത് ഒരു

മരപ്പട്ടിയാണെന്ന് അവർക്ക് മനസിലായി.

അപ്പൂപ്പനും അമ്മൂമ്മയും മരപ്പട്ടിയെ എങ്ങനെ പിടിക്കാം എന്ന് തല പുകഞ്ഞാലോചിച്ചു. അങ്ങനെ അമ്മൂമ്മക്കൊരു ഒരു ബുദ്ധി തോന്നി.

അമ്മൂമ്മ പറഞ്ഞു . "രാത്രി ആകുമ്പോൾ അപ്പൂപ്പൻ ചാമ്പ മരത്തിനു മുകളിൽ ഇരിക്കണം. മരപ്പട്ടി വരുമ്പോൾ അതിനെ കുലുക്കി താഴേക്കിടണം. ഞാൻ ഒരു വടിയുമായി താഴെ ഇരിക്കാം. ഞാൻ അതിനെ അടിച്ചു കൊല്ലാം." അപ്പൂപ്പൻ സമ്മതിച്ചു.

അങ്ങനെ രാത്രിയായി. അപ്പൂപ്പൻ ചാമ്പ മരത്തിനു മുകളിൽ പുതച്ചു മൂടി ഇരുന്നു. അമ്മൂമ്മ ചാമ്പ മരത്തിന്റെ ചുവട്ടിലും ഇരുന്നു. കുറെ നേരമായിട്ടും മരപ്പട്ടി വന്നില്ല. അപ്പൂപ്പന് ഉറക്കം വന്നു തുടങ്ങി. അപ്പൂപ്പൻ അങ്ങനെ ഇരുന്ന്ഉറങ്ങിപ്പോയി.ഉറങ്ങിമരത്തിൽ നിന്നു താഴേക്കുവീണു.

രാത്രിയല്ലേ അമ്മൂമ്മക്കുണ്ടോ കണ്ണു കാണാൻ പറ്റുന്നുള്ളൂ! അമ്മൂമ്മ മരപ്പട്ടിയാണെന്നു വിചാരിച്ച് അപ്പൂപ്പനെ അടിയോടടി.

അപ്പൂപ്പൻ വേദന കൊണ്ട് ഉച്ചത്തിൽ നിലവിളിക്കാൻ തുടങ്ങി. നിലവിളിക്കുന്ന ശബ്ദംകേട്ടപ്പോൾഅമ്മൂമ്മക്ക് തോന്നി."ഇത് മരപ്പട്ടിയുടെ സ്വരമല്ലല്ലോ. ഒരു മനുഷ്യന്റെ സ്വരം ആണല്ലോ ?" അമ്മൂമ്മ പുതപ്പു മാറ്റി നോക്കിയപ്പോൾ , അതാ പാവം അപ്പൂപ്പൻ അടി കൊണ്ട് അവശനായി കിടക്കുന്നു. അമ്മൂമ്മക്കും വിഷമമായി.

പിന്നീട് അവർ എല്ലാവർക്കും ചാമ്പങ്ങ കൊടുക്കാൻ തുടങ്ങി. കുട്ടികളുടെ സന്തോഷം കണ്ടപ്പോൾ അവർക്കും സന്തോഷം തോന്നി.ഗുണപാഠം നമ്മുക്കുള്ളത് മറ്റുള്ളവരുമായി പങ്കു വച്ചാൽ സന്തോഷം ഇരട്ടിയാകും.

തൗഫീക്ക്.ടി 9a

# പഴഞ്ചൊല്ലുകൾ

1 അകത്തിട്ടാൽ പുറത്തറിയാം

2 അകത്തു കത്തിയും പുറത്തു പത്തിയും

3 അകപ്പെട്ടവന് അഷ്ടമരാശി,ഓടിപ്പോയവനു ഒമ്പതാമെടത്തു വ്യാഴം

4 അകപ്പെട്ടാൽ പന്നിച്ചുരയ്ക്കാ

5 അകലെ കൊള്ളാത്തവൻ അടുക്കലും കൊള്ളുകയില്ലാ

6 അകലെ പോന്നവനെ അരികെവിളിച്ചാൽ അരക്കാത്തുട്ടുചേതം (അരക്കാശുനഷ്ടം)

7 അകൗശലലക്ഷണം സാധനദൂഷ്യം

8 അക്കരനിന്നവൻ തോണിഉരുട്ടി

9 അക്കരനിൽക്കുന്ന പട്ടർ തോണിമുക്കി

10 അക്കരെ മാവിലോൻ കെണിവച്ചിട്ടു എന്നോടോ കുരാ കണ്ണുമിഴിക്കുന്നു

11 അക്കരെനിൽക്കുമ്പോൾ ഇക്കരെപച്ച,ഇക്കരെ നിൽക്കുമ്പോൾ അക്കരെപച്ച

12 അങ്കവും കാണാം താളിയും ഒടിക്കാം

13 അങ്ങാടിത്തോലിയം അമ്മയോടൊ?

14 അങ്ങാടിയിൽ തോറ്റാൽ അമ്മയ്ക്കു കുറ്റം-

15 അങ്ങാടിയിലാനവന്നതുപോലെ

16 അങ്ങില്ലാപൊങ്ങിന്റെ വേർകിളക്കുക

17 അങ്ങുന്നെങ്ങാൻവെള്ളമൊഴുകുന്നതിന് ഇങ്ങുന്നുചെരിപ്പഴിക്കണമൊ

18 അങ്ങുമുണ്ടു ഇങ്ങുമുണ്ടു വെന്തചോറ്റിനു പംകുമുണ്ടു

19 അച്ചനുക്കച്ചൻവരുമ്പോൾ കൊച്ചച്ചൻപരിയത്തു

20 അച്ചനെ കുത്തിയ കാള ചെറുക്കനെയും കുത്തും

21 അച്ചനിച്ഛയായതും പാൽ വൈദ്യനാർ ചൊന്നതും പാൽ

22 അച്ചനും കചനും അന്തരം വരാതെ

23 അച്ചികുടിച്ചതെ കുട്ടികുടിക്കു തസ്നി 9a

# രസതന്ത്രം ജീവിതത്തിൽ

മനുഷ്യരാശിയുടെ പുരോഗതിക്ക് അനവധിസംഭാവനകൾ രസതന്ത്രം നൽകിയിട്ടുണ്ട്. നമ്മുടെ ചെറിയ ആവശ്യങ്ങൾക്കും രസതന്ത്രം വലിയ പങ്ക് വഹിക്കുന്നു.

കൃഷിയുടെ പുരോഗതിക്ക് പുതിയ വിത്ത് ആവശ്യമാണ്.രോഗങ്ങളെയും കീടങ്ങളെയും നശിപ്പിക്കാൻ കീടനാശിനികളെയും മരുന്നുകളും രസതന്ത്രം സംഭാവന ചെയ്തിട്ടുണ്ട്. നല്ല വിള നൽകാൻ വേണ്ടി രാസവളങ്ങൾ ഇന്ന്

സുലഭമാണ്. ആഹാര സാധനങ്ങൾ കേടു

കൂടാതെ സൂക്ഷിക്കുന്നതിന് ഇന്ന് പല

മാർഗങ്ങളും നിലവിലുണ്ട്. ഇത് രസതന്ത്രത്തിന്റെ നേട്ടമാണ്.

മനുഷ്യന്റെ ആരോഗ്യത്തിന് ആവശ്യമായ ജീവകങ്ങൾ, മരുന്നുകൾ, തുടങ്ങിയവ രസതന്ത്രത്തിന്റെ സംഭാവനയാണ്.ആധുനിക യുഗത്തിൽ ഏറ്റവും സ്വാധീനം ചെലുത്തിയിട്ടുള്ള പല വസ്തുക്കളും പ്ലാസ്റ്റിക് കൊണ്ട് നിർമ്മിക്കുന്നു.അസംസ്കൃത എണ്ണയില് നിന്ന് പെട്രോളിയം ഉത്പന്നങ്ങൾ വേർതിരിക്കുന്നു,മുതലായവ രസതന്ത്രത്തിന്റെ മേന്മയാണ്.ജീവിതത്തിൽ രസതന്ത്രം പ്രാണവായു പ്രാധാന്യമുള്ളതാണ്.

തൗഫീക്ക്.ടി 9a

# ബേപ്പൂർ സുൽത്താൻ

**മലയാള നോവലിസ്റ്റും കഥാകൃത്തും സ്വാതന്ത്ര്യസമര പോരാളിയുമായിരുന്നു. ബേപ്പൂർ സുൽത്താൻ എന്ന അപരനാമത്തിലും അറിയപ്പെടുന്ന വൈക്കം മുഹമ്മദ് ബഷീർ (ജനനം: 21_ജനുവരി 1908 തലയോലപ്പറമ്പ് വൈക്കം - മരണം: 5 ജുലൈ 1994 ബേപ്പൂൺ കോരിക്കോട്). 1982-ൽ ഇന്ത്യാ ഗവൺമെൻറ് പത്മശ്രീ പുരസ്കാരം നൽകി ആദരിച്ചു. ആധുനിക മലയാളസാഹിത്യത്തിൽ ഏറ്റവുമധികം വായിക്കപ്പെട്ട എഴുത്തുകാരിലൊരാൾ എന്ന് വിശേഷിപ്പിക്കപ്പെട്ടു.ജനകീയനായ എഴുത്തുകാരനായിരുന്നു ബഷീർ.**

**1908 ജനുവരി_21[2] ന് തിരുവിതാംകൂറിലെ (ഇപ്പോഴത്തെ കോട്ടയം ജില്ലയിലെ വൈക്കം താലൂക്കിൽ ഉൾപ്പെട്ട) തലയോലപ്പറമ്പ് ഗ്രാമത്തിൽ ജനിച്ചു. പിതാവ്**

കായി അബ്ദുറഹ്മാൻ, മാതാവ് കുഞ്ഞാത്തുമ്മ. പ്രാഥമിക വിദ്യാഭ്യാസം തലയോലപ്പറമ്പിലെ മലയാളം പള്ളിക്കൂടത്തിലും വൈക്കം ഇംഗ്ലീഷ് സ്കൂളിലും.

രസകരവും സാഹസികവുമായിരുന്ന ബഷീറിന്റെ ജീവിതം. സ്കൂൾ പഠനകാലത്ത്(5-ഠ ക്ലാസ്സ്) കേരളത്തിലെത്തിയ ഗാന്ധിജിയെ_കാണാൻ വീട്ടിൽ നിന്നും ഒളിച്ചോടിയതാണ് ബഷീറിന്റെ ജീവിതത്തിൽ വഴിത്തിരിവായത്. കാൽനടയായി എറണാകുളത്തു ചെന്നു കാളവണ്ടി കയറി കോഴിക്കോടെത്തിയ ബഷീർ സ്വാതന്ത്ര്യ സമര രംഗത്തേക്ക് എടുത്തുചാടി. ഗാന്ധിജിയെ തൊട്ടു എന്ന് പിൽക്കാലത്ത് അദ്ദേഹം അഭിമാനത്തോടെ പരാമർശിച്ചിട്ടുണ്ട്. തീവ്രവാദ സംഘടനയുടെ മുഖപത്രമായ ഉജ്ജീവനത്തിലെഴുതിയ തീപ്പൊരി ലേഖനങ്ങളാണ് ആദ്യകാല കൃതികൾ. 'പ്രഭ' എന്ന തൂലികാനാമമാണ് അന്ന് അദ്ദേഹം സ്വീകരിച്ചിരുന്നത്. വാരിക പിന്നീട്ട കണ്ടുകെട്ടി. തുടർന്നു കുറേ വർഷങ്ങൾ ഇന്ത്യയൊട്ടാകെ അലഞ്ഞുതിരിഞ്ഞു. അതിസാഹസികമായ ഈ കാലയളവിൽ ബഷീർ കെട്ടാത്ത വേഷങ്ങളില്ല. ഉത്തരേന്ത്യയിൽ ഹിന്ദു സന്യാസിമാരുടേയും സൂഫിമാരുടേയും കൂടെ ജീവിച്ചു, പാചകക്കാരനായും, മാജിക്കുകാരന്റെ സഹായിയായും കഴിഞ്ഞു. പല ജോലികളും ചെയ്തു. അറബിനാടുകളിലും ആഫ്രിക്കയിലുമായി തുടർന്നുള്ള സഞ്ചാരം.ഏകദേശം 9 വർഷത്തോളം നീണ്ട ഈ യാത്രയിൽ അദ്ദേഹം പല ഭാഷകളും ഗ്രഹിച്ചു, മനുഷ്യ ജീവിതത്തിന്റെ എല്ലാ വശങ്ങളും - തീവ്ര ദാരിദ്ര്യവും,മനുഷ്യ ദുരയും നേരിട്ടു കണ്ടു. ബഷീറിന്റെ ജീവിതം തന്നെയാണ് അദ്ദേഹത്തിന്റെ സാഹിത്യം എന്നു പറയാം. ഇതുപോലെ സ്വതന്ത്രമായി ലോകസഞ്ചാരം നടത്തിയ എഴുത്തുകാർ മലയാളസാഹിത്യത്തിൽ വിരളമാണെന്നു പറയാം. ലോകം ചുറ്റുന്നതിനിടയിൽ കണ്ടെത്തിയ ഒട്ടേറെ ജീവിത സത്യങ്ങൾ അദ്ദേഹത്തിന്റെ കൃതികളിൽ കാണാം.

പദ്മനാഭ പൈ പത്രാധിപരായിരുന്ന "ജയകേസരി"യിൽ പ്രസിദ്ധീകരിച്ച തങ്കം ആണ് ആദ്യം പ്രസിധീകരിച്ച കഥ. ജോലിയന്വേഷിച്ചാണ് ബഷീർ പത്രാധിപരുടെയടുത്തെത്തിയത്. എന്നാൽ ജോലി തരാൻ നിവൃത്തിയില്ലെന്നും,

കഥ എഴുതിത്തന്നാൽ പ്രതിഫലം തരാം എന്നും മറുപടി കേട്ട ബഷീർ ഗത്യന്തരമില്ലാതെ ഒരു കഥ എഴുതുകയായിരുന്നു. കറുത്തിരുണ്ട് വിരൂപയായ നായികയും, ചട്ടുകാലും , കോങ്കണ്ണും, കൂനുമുള്ള യാചകൻ നായകനുമായി എഴുതിയ ആ കഥയാണ് തങ്കം.

# *മരം ഒരു വരം*

*ശുദ്ധവായു ലഭിചല്ലെങ്കിൽ ജീവിജാലങ്ങൾക്ക് നിലനിൽക്കാൻ സാതിക്കില്ല .*
*അതുകൊണ്ടുതന്നെ ജീവവായു പരിശുദ്ധമായി നിലനിൽക്കേണ്ടത് അത്യാവശ്യമാണ്. പല തരത്തിലുള്ള മാലിന്യങ്ങൾ വ്യാപിച്ച് വായു മലിനമായി കൊണ്ടിരിക്കുന്ന കാലമാണിത്. ഫാക്റ്ററികളിൽ നിന്നും വാഹനങ്ങളിൽ നിന്നുമുള്ള പൊടിയുമെല്ലാം വായുമലിനമാക്കുന്നു. കേരളത്തിലെ നഗരങ്ങളിലും വായു മലിനീകരിക്കപ്പെടുകയാണ്. നമ്മുടെ ജീവിത രീതിയാണ് ഇതിന് കാരണം. ശുദ്ധവായു ലഭിച്ചില്ലെങ്കിൽ നമുക്ക് ജീവിക്കാൻ കഴിയില്ലെന്ന സത്യം തിരിച്ചറിഞ്ഞു പ്രവർത്തിച്ചാലേ ഭാവി തലമുറയ്ക്ക് ആരോഗായത്തോടെ ജീവിക്കാൻ കഴിയൂ എന്ന സത്യംനമ്മൾ മനസ്സിലാക്കണം.*

# *മഹദ് വചനങ്ങൾ*

* "എന്റെ ജീവിതമാണ് എന്റെ സന്ദേശം

- മഹാത്മാഗാന്ധി

* "അഹിംസയാണെന്റെ മതം,സത്യമാണെന്റെ സമരായുധം"

- മഹാത്മാഗാന്ധി

*''ചില പുസ്തകങ്ങൾ രുചിച്ചുനോക്കാൻ നന്ന്.ചിലതു വിഴുങ്ങേണ്ടതാണ്.ചുരുക്കം ചിലതുമാത്രം ചവച്ച് വെള്ളമാക്കണം''

-ബേക്കൺ

*''നിങ്ങൾ എന്നെ സ്നേഹിക്കുകയാണെങ്കിൽ ഞാൻ കൂടുതൽ ശക്തനാകുന്നു.എന്നാൽ നിങ്ങൾ എന്നെ വെറുക്കുകയാണെങ്കിൽ പിന്നെ നിങ്ങൾക്കെന്നെ പിടിച്ചുനിർത്താനാവില്ല''

- സി.റൊണാൾഡൊ

*''എനിക്ക് മഴയത്ത് നിൽക്കുന്നത് ഇഷ്ട്മാണ് കാരണം മഴയത്ത് ആർക്കും എന്റെ കണ്ണുനീർ കാണാൻ കഴിയില്ല''

- ചാർലി ചാപ്ലിൻ

അലീനഅനിമോൻ

9b

# ആരാമം

*ഇലകൾ പൊഴിയുമീ പുലരിയിൽ*
*മഞ്ഞുതുള്ളി തൻ നെറുകയിൽ*
*തെന്നിവീണൊരാ സൂര്യകിരണമേ-*
*റ്റെന്റെ ചില്ലകൾ പൂക്കവേ*
*മാഞ്ഞുപോകുമീ വേളയിൽ*
*ഇടറി വീണൊരാ പാതയിൽ*

നിൻ കരങ്ങൾ കോർത്തങ്ങ്
പൂക്കൾക്കിടയിലേക്കങ്ങ് നീങ്ങവേ.......

അക്ഷയ് രാജ്

# ഓർമ്മകൾ

കാലം ഏറെയും കടന്നുപോയി..........
നീറുന്നില്ലെനിക്കിപ്പോൾ അന്നു നീ തന്നൊരാ മുറുവുകൾ
പുതിയൊരീ ജീവിതം നേടിയെടുത്തു ഞാൻ,
നിൻ ഓർമ്മകൾ ഒന്നുമേ തളർത്തുന്നില്ലിന്നെന്നേ
പുലർക്കാല രശ്മികൾ മെല്ലെ തലോടിയുണർത്തിഎന്നെ
ആദ്യമെൻ മിഴികൾ തേടിയതും നിന്നെ.

# മലയാളം

അമ്മതൻ വാത്സല്യം നിറഞ്ഞൊഴുകും
മലയാളമാണെൻ മാതൃഭാഷ
അമ്മയെമ്മയെൻ നാവിലായി പകർന്ന ഭാഷ
അമ്മയെന്ന  വാക്കോതി
നമ്മൾ പിറന്ന ഈ ഭൂമിയിൽ
മാതൃത്വമൂറുന്നൊരാ ഭാഷ
മലയാള മക്കൾക്കു സ്വന്തമാം ഭാഷ
നൻമതൻ നിറദീപമാണെൻ ഭാഷ
കേരളമണ്ണിന്നഭിമാനമായൊരാ
ശക്തിപകരുമെൻ ജീവൽ ഭാഷ
ഉണ്ടെനിക്കെന്നും അഭിമാനമുണ്ടെൻ
മലയാള ഭാഷതൻ മഹത്വത്തിൽ കഥ
കേരളത്തപ്പഴമതൻ  വഴിത്താരയിൽ
ഉണ്ടായിരുന്നൊരാ മാതൃഭാഷ
പരശുരാമൻ തൻ മഴുവിൽ നിന്നു

മുയർന്നു വന്നതാണെൻ കേരളം
എന്റെ മനസിലെന്നുമണയാത്ത ദീപയായ്
വറ്റിടാത്ത പുഴയെന്നപോൽ
എന്നുമുണർന്നു നിൽപ്പൂ മലയാളം
എൻമനം മറന്നിടത്തൊരാ എന്റെ ഭാഷ
ഒരിക്കലുമകലാത്തൊരാ എന്റെ ഭാഷ
ഞാനെന്നുമഭിമാനിക്കുമെൻ ഭാഷയോർത്ത്
കവിമാർ കുറിച്ചു തന്നൊരാ കവിതയിലു
മെൻ മലയാളത്തിൽ മഹിമയുണരുന്നു.
ഏതിരുട്ടിലുമേതുതൊരു വിഷമത്തിലും
അമ്മയായി,സഹോദരിയായി,എൻ സഹപാടിയായി
ഇരുട്ടിനെ മറച്ചെന്നെ കൊണ്ടു വരുമെന്നമ്മ
മലയാള മക്കൾക്കിന്നന്താണവശ്യം
നമ്മതൻ പാൽക്കടൽ വറ്റിവരളുന്നു.
അമ്മതൻ കണ്ണുനീർ നീളെ നിറയുന്നു.

തൗഫീക്ക്.ടി

# ഒരായിരം പുഞ്ചിരികൾ

***ജിസാന എസ്***

*അമ്മിഞ്ഞയൂറുന്ന പൈതലിൻ പുഞ്ചിരി*
*അക്ഷരമോതുന്ന അമ്മതൻ പുഞ്ചിരി*
*അച്ഛനോടുള്ളൊരാ വാത്സല്യ പുഞ്ഞിരി*
*അക്ഷരം വിരലിൽ പതിപ്പിച്ച പുഞ്ഞിരി*

*ആണ്ടുകൾ താണ്ടിയൊരാഴിതൻ പുഞ്ചിരി*

ആതിരവരുവോളമുള്ളൊരാ പുഞ്ചിരി
അകലേക്കകലുന്ന സൂര്യരേണുതൻ പുഞ്ചിരി
ആയിരം ജീവന്റെ താതൻതൻ പുഞ്ചിരി

അക്ഷരമുറ്റത്തോടി തളർന്നൊരാ പുഞ്ചിരി
അന്നം പകുക്കുമ്പോഴുള്ളൊരാ പുഞ്ചിരി
ആത്മാവിനാഴത്തിൽ നിന്നുള്ള പുഞ്ചിരി
അവസാനം ; കണ്ണുനീരിൽ കുതിർന്ന പുഞ്ചിരി
അങ്ങനെ ; ഒരായിരം പുഞ്ചിരികൾ.

## പ്രണയത്തിലെ

## നഷ്ടമേ........

പ്രണയത്തിലെ നഷ്ടമേ.....
എൻ ഓർമ്മതൻ കണക്കു പുസ്തകത്തിൽ
നീയും നിൻ പുഞ്ചിരിയുമാണിന്നുമതിന്നു മതിന്നുള്ളടക്കം.
നീ തനിച്ചാക്കി നടന്നകന്നിടത്തിന്നും,
ഏകനായ് കാത്തു നിൽപൂ ഞാൻ
നിൻ കാൽപ്പാടുകൾ നോക്കി പുറകേ വറില്ല ഞാൻ
എനിക്കു സ്ഥാനമില്ലാത്ത നിൻ ജീവിതത്തിലേക്ക്...!

തൗഫീക്ക്.ടി
9b

# പൊതു വിജ്ഞാനം

- കേരളത്തിലെ ആദ്യത്തെ ലക്ഷണയുക്തമായ നോവൽ?

  ഇന്ദുലേഖ

- കേരളത്തിലെ ആദ്യത്തെ ഡീസൽ വൈദ്യുത പദ്ധതി?

  ബ്രഹ്മപുരം

- കേരളത്തിൽനിന്ന് ഇന്ത്യയുടെ കേന്ദ്രകാബിനറ്റിലെത്തിയ ആദ്യത്തെ മലയാളി?

  ഡോ. ജോൺ മത്തായി

- കേരളത്തിലെ ആദ്യത്തെ മലയാളി കർദ്ദിനാൾ?

  കർദ്ദിനാൾ ജോസഫ് പറേക്കാട്ടിൽ

- കേരളത്തിലെ ആദ്യത്തെ ബാങ്ക്?

  നെടുങ്ങാടി ബാങ്ക്

- കേരളത്തിലെ ആദ്യത്തെ പ്രസ്സ്?

  ജസ്യൂട്ട് പ്രസ്സ്

- കേരളത്തിലെ ആദ്യ പേപ്പർ മിൽ?

  പുനലൂർ പേപ്പർ മിൽ

- കേരളത്തിലെ ആദ്യ മുഖ്യമന്ത്രി?


  ഇ.എം.എസ്. നമ്പൂതിരിപ്പാട്

- കേരളത്തിലെ ആദ്യത്തെ  ഐ.എ.എസ്. വനിത?

  അന്ന മൽഹോത്ര

- കേരലത്തിലെ ആദ്യത്തെ തൂക്കുപാലം?

  പുനലൂർ



**ജോതിഷ്.10A**



***സിദ്ധാർത്ഥ്. 9a***